59 (2207) കിൻഫ്ര മാനേജിംഗ് ഡയറക്ടറുടെ വിദേശയാത്ര

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മാർച്ച് മുതൽ ഇതുവരെ കിൻഫ്രയുടെ മാനേജിംഗ് ഡയറക്ടർ ഏതെല്ലാം വിദേശ രാഷ്ട്രങ്ങൾ സന്ദർശിച്ചു;

(ബി) എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഈ യാത്ര നടത്തിയത്;

(സി) എത്ര പ്രാവശ്യം വീതം ഓരോ രാജ്യത്തും സന്ദർശനം നടത്തി;

(ഡി) ഈ യാത്രക്ക് ചെലവായ തുകയുടെ ഇനം തിരിച്ചുള്ള വിശദ വിവരം നൽകുമോ?

ഉത്തരം

(എ) 1996 മാർച്ചിനുശേഷം നാളിതുവരെ കിൻഫ്ര മാനേജിംഗ് ഡയറക്ടർ ന്യൂയോർക്ക്, ചിക്കാഗോ, ഡല്ലാസ്, ജർമ്മനി, സ്വിറ്റ്സർലന്റ്, യു.എ.ഇ., കാനഡ, പാരീസ്, റോം, ലണ്ടൻ, ഇസ്രായേൽ എന്നീ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

(ബി) കിൻഫ്ര പാർക്കുകളിൽ മൂലധന നിക്ഷേപം സമാഹരിക്കുന്നതിനുവേണ്ടിയും പതിനാലാമത് അന്താരാഷ്ട്ര കാർഷിക മേളയിൽ സംബന്ധിക്കുന്നതിനും വേണ്ടി.

(സി) യു.എസ്.എ., ഇറ്റലി, ജർമ്മനി, യു.എ.ഇ. എന്നിവിടങ്ങളിൽ രണ്ടു പ്രാവശ്യവും, സ്വിറ്റ്സർലാന്റ്, ലണ്ടൻ, ഇസ്രായേൽ, മസ്ക്റ്റ് എന്നിവിടങ്ങളിൽ ഒരു പ്രാവശ്യവും.

(ഡി)

സന്ദർശിച്ച രാജ്യങ്ങൾ		വിമാനക്കൂലി	ദിനബത്തയും താമസ ചിലവുകളും
1. ന്യൂയോർക്ക്, ചിക്കാഗോ, ഡല്ലാസ്	-	1,45,611 രൂപ	2,14,251 രൂപ
2. ജർമ്മനി, സ്വിറ്റ്സർലാന്റ്, യു.എ.ഇ	-	93,981 രൂപ	അതാത് എംബസികൾ വഹിച്ചു
3. കാനഡ, ചിക്കാഗോ, പാരീസ്, റോം	-	1,71,536 രൂപ	അതാത് എംബസികൾ വഹിച്ചു
4. ജർമ്മനി, ഇറ്റലി, ലണ്ടൻ	-	97,021 രൂപ	2,24,090 രൂപ
5. ഇസ്രായേൽ	-	44,905 രൂപ	97,560 രൂപ
6. ദുബായ്, മസ്ക്കറ്റ് അബുദാബി	-	36,030 രൂപ	1,81,591 രൂപ

LIBRARY ARCHIVES Kerala Legislative Assembly